പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 217 — 08.07. 2015 ൽ മറുപടിക്ക്.

## ആശുപത്രി വ്യവസായബന്ധ സമിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) ആശുപത്രി വ്യവസായബന്ധ സമിതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സമിതിയുടെ ഘടന അറിയിക്കാമോ; | (ബി) ലേബർ കമ്മീഷണർ ചെയർമാനായി പ്രവർത്തിക്കുന്ന സമിതിയിൽ 13 തൊഴിലാളി പ്രതിനിധികളും, 13 തൊഴിലുടമാ പ്രതിനിധികളുമടക്കം 27 പേരാണ് പ്രവർത്തിക്കുന്നത്. |
| (സി) സമിതിയുടെ പ്രവർത്തന ഫലമായി ഏതൊക്കെ കാറ്റഗറി ജീവനക്കാരുടെ വേതന കാര്യത്തിൽ കരാറിലെത്താൻ കഴിഞ്ഞു; | (സി) സമിതിയുടെ പ്രവർത്തന ഫലമായി സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് തൊഴിലെടുക്കുന്ന എല്ലാ കാറ്റഗറികളിലേയും ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ച് സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ. 135/2013/തൊഴിൽ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു കഴിയാതെ പോയതിന്റെ കാരണം പരിശോധിച്ചിരുന്നോ; വ്യക്തമാക്കാമോ; | (ഡി) ഉണ്ട്. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് ജി.ഒ (എം.എസ്) നമ്പർ. 135/2013/തൊഴിൽ - തീയതി 05/11/2013 പ്രകാരമുള്ള ഉത്തരവിലൂടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ആയത് ഉറപ്പു വരുത്താൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടേയും, ജില്ലാ ലേബർ ആഫീസർമാരുടേയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. 2014 കാലയളവിൽ സംസ്ഥാന വ്യാപകമായി നടത്തിയ പരിശോ ധനകളിൽ മിനിമം വേതനം നടപ്പിലാക്കാത്ത 103 ആശുപത്രികളിൽ 29 സ്വകാര്യ ആശുപത്രികൾക്കെതിരെ 1948 ലെ മിനിമം വേതന നിയമപ്രകാരം ക്ലെയിം പെറ്റിഷൻ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ 2015 (ജനുവരി - മെയ്) വരെ 30 സ്വകാര്യ ആശുപ ത്രികൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ